## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**

**ചോദ്യം നമ്പർ : 750** **29.11.2018 -ൽ മറുപടിയ്ക്ക്**

### നാദാപുരം മണ്ഡലത്തിലെ വാണിമേൽ ടൂറിസം പദ്ധതി

ചോദ്യം

ശ്രീ.ഇ.കെ.വിജയൻ :

മറുപടി

ശ്രീ. കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | വാണിമേൽ പഞ്ചായത്തിലെ തിരികക്കയം, ചക്കര കണ്ട്,പാലൂർ ,അട്ടപ്പിൽ തുടങ്ങിയ പ്രദേശങ്ങളിൽ ടൂറിസം വകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ വിശദമാക്കാമോ; | എ), ബി) & സി) | വാണിമേൽ പഞ്ചായത്തിലെ തിരികക്കയം, ചക്കര കണ്ട്,പാലൂർ ,അട്ടപ്പിൽ തുടങ്ങിയ പ്രദേശങ്ങളുടെ ടൂറിസം വികസനവുമായി ബന്ധപ്പെട്ട് ടൂറിസം വകുപ്പ് അധികൃതർ , ആർക്കിടെക്ട് എന്നിവർ സംയുക്തമായി സ്ഥലം സന്ദർശിക്കുകയും ഇവിടെ പരിസ്ഥിതിക്ക് കോട്ടം തട്ടുന്ന വലിയ നിർമ്മാണ പ്രവർത്തനങ്ങൾ അല്ലാതെ പരിസ്ഥിതി സൗഹാർദമായി ഗ്രാമീണ ടൂറിസം വികസനത്തിന് ഊന്നൽ നൽകുന്ന ഉത്തരവാദിത്ത ടൂറിസം വികസനമാണ് അനുയോജ്യമെന്ന് മനസ്സിലാക്കിയിട്ടുള്ളതുമാണ്. ആയതിൻ പ്രകാരം പദ്ധതി നടപ്പിലാക്കുന്നതിന് ഡി.പി.ആർ തയ്യാറാക്കി സമർപ്പിക്കുവാൻ ആർക്കിടെക്ടിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഡി.പി.ആർ ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| ബി) | ഈ പദ്ധതി സർക്കാരിലേക്ക് സമർപ്പിക്കാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ; | | |
| സി) | ഈ പ്രൊജക്റ്റ് എന്ന് സർക്കാരിലേക്ക് സമർപ്പിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ | | |

സെക്ഷൻ ഓഫീസർ